# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1625** **08.06.2018 ൽ മറുപടിയ്ക്ക്**

## കൃഷി വകുപ്പിന്റെ ഒരു മുറം പച്ചക്കറി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി. കെ. സി. മമ്മത് കോയ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന കൃഷി വകുപ്പിന്റെ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിൽ വരുത്തുന്നത്; വിശദാംശങ്ങൾ നൽകാമോ; | എ) ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നും തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി' നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം വിത്തുകൾ, പച്ചക്കറി തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ കർഷകർക്ക ലഭ്യമാക്കുന്നതാണ്. വീട്ടുവളപ്പിൽകൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും 10 രൂപ വില വരുന്ന അഞ്ചിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 99 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകൾ വിദ്യാർത്ഥികൾക്കും കർഷകർക്കുമായി വിതരണം ചെയ്യുന്നു. കൂടാതെ 90.9 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് സൗജന്യമായി നൽകുന്നു.വിത്തു പായ്ക്കറ്റുകൾ വി.എഫ്.പി.സി.കെ.യാണ് ലഭ്യമാക്കുന്നത്.<br>ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കുന്നത് വഴി ഓണക്കാലത്ത് ഓരോ വീട്ടിലും സ്വന്തമായി കൃഷി ചെയ്തെടുത്ത പച്ചക്കറി ഉപയോഗിക്കുവാൻ കഴിയും. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, കാർഷിക കർമ്മസേന, അഗ്രോസർവ്വീസ് സെന്റർ, സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ, കുടുംബശ്രീ തുടങ്ങിയ എല്ലാവരുടെയും സംയുക്ത സഹകരണത്തോടെയാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. |

| | |
|---|---|
| | 'ഓണത്തിന് ഒരു മുറം പച്ചക്കറി 'പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി ഏറ്റവും നല്ല പച്ചക്കറിത്തോട്ടം ഒരുക്കുന്ന വീട്ടമ്മമാർക്ക് ജില്ലാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 15,000/-രൂപ, 7500/-രൂപ, 5000/- രൂപയും സംസ്ഥാന തലത്തിൽ 1,00,000/-രൂപ, 50,000/-രൂപ, 25,000 രൂപയും അവാർഡായി നൽകുന്നു. ചുരുങ്ങിയത് 5 ഇനം പച്ചക്കറികളെങ്കിലും കൃഷി ചെയ്യുന്ന വീട്ടമ്മമാരെയാണ് അവാർഡിനായി പരിഗണിക്കുന്നത്. |
| ബി) ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ റസിഡന്റ്സ് അസോസിയേഷനുകളെ ഏകോപിപ്പിച്ച് പ്രവർത്തനം നടത്തുവാൻ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകുമോ? | ബി) ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നഗര പ്രദേശങ്ങളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി റസിഡന്റ്സ് അസോസിയേഷനുകളെ ഒന്നിപ്പിച്ച് 2017-18 ൽ 49 ഹരിത ഗ്രൂപ്പുകൾ സ്ഥാപിച്ചു. ഒരു ഗ്രൂപ്പിൽ 3 മുതൽ 4 വരെ റസിഡന്റ്സ് അസോസിയേഷനുകൾ ഉൾപ്പെടുന്നു. ഹരിതഗ്രൂപ്പുകൾ ആഴ്ച ചന്തകൾ രൂപീകരിക്കുകയും ചന്തകൾ വഴി തങ്ങൾ വിളയിച്ചെടുത്ത പച്ചക്കറി വിപണനം നടത്തുകയും ചെയ്യുന്നു. ഇതു കൂടാതെ കൃഷി സംബന്ധമായ ക്ലാസ്സുകൾ, പരിശീലനങ്ങൾ എന്നിവയും ഈ ഗ്രൂപ്പുകൾ മുഖാന്തിരം ചെയ്യുന്നു.നഗരങ്ങളിലെ പച്ചക്കറി കൃഷിയെ സ്ഥാപനവൽക്കരിക്കാൻ വേണ്ടി രൂപീകരിച്ച റസിഡന്റ്സ് അസോസിയേഷനുകളുടെ കൂട്ടായ്മയാണ് ഹരിത ഗ്രൂപ്പുകൾ ഇതനുസരിച്ച് ഈ വർഷം 50 ഹരിത ഗ്രൂപ്പുകൾ രൂപീകരിക്കുന്നതാണ്. ഓരോ ഹരിത ഗ്രൂപ്പിന്റെയും രജിസ്ട്രേഷൻ തുടർ പ്രവർത്തനങ്ങൾക്കായി 50000/-രൂപ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**